## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3756 — 14.03.2017 — ൽ മറുപടിക്ക്

### റേഷൻകാർഡ് പുതുക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) റേഷൻകാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് സോഷ്യൽ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നടത്തിയതെന്ന് വിശദമാക്കുമോ;<br>(ബി) ഇത് പൂർണ്ണമായും ഫലപ്രദമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സോഷ്യൽ ഓഡിറ്റ് എന്നാൽ "ഒരു പരിപാടിയുടേതോ സ്കീമിന്റെ ആസൂത്രണത്തെയോ നിർവ്വഹണ ത്തെയോ ജനങ്ങൾ സംഘടിതമായി പരിശോധി ക്കുകയും വിലയിരുത്തുകയും ചെയ്യുന്ന പ്രക്രിയ" യാണ്. കൂടാതെ സെക്ഷൻ 27 പ്രകാരം ഈ സ്കീമുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും 'പബ്ലിക് ഡോമെയിൻ'നിൽ വയ്ക്കണമെന്നും പൊതുജനങ്ങൾക്ക് പരിശോധിക്കാവുന്ന രീതിയിൽ ലഭ്യമാക്കണമെന്നും അനുശാസിക്കുന്നു. സംസ്ഥാന സർക്കാർ തീരുമാനിച്ചതനുസരിച്ച് പ്രാദേശിക ഭരണ സംവിധാനങ്ങളായ പഞ്ചായത്തുകളോ മുനിസിപ്പാലിറ്റികളോ അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസി മുഖേനയോ നിശ്ചിത സമയപരിധികളിൽ തുടർച്ചയായി സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതാണെന്ന് സെക്ഷൻ 28(1) നിഷ്കർഷിക്കുന്നു. റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് സോഷ്യൽ ഓഡിറ്റ് നടത്തുന്ന കാര്യം പരിഗണിച്ചുവരുന്നു. |
| (സി) എങ്കിൽ ഇതുമൂലം അർഹരായ ഒട്ടനവധി പേർ മുൻഗണനാ പട്ടികയിൽ നിന്നും പുറത്തായി എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br>(ഡി) ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) യും (ഡി) യും | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതി നായി സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം 20.10.2016-ന് കരട് പട്ടിക പ്രസിദ്ധീകരിക്കുകയും പട്ടികയിന്മേൽ ആക്ഷേപമുള്ളവർക്ക് 20.10.2016 മുതൽ 05.11.2016 വരെ അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. 21.10.2016 മുതൽ 12.11.2016 വരെ അപ്പീലുകൾ സമർപ്പിക്കുന്നതിന് അവസരം ഉണ്ടായിരുന്നു. അത്രയും കാലം ആക്ഷേപം സമർപ്പിക്കുവാൻ കഴിയാത്തവർക്ക് 07.01.2017-ന് അവസരം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ